LIBRARY ARCHIVES Kerala Legislative Assembly

വാറ്റ് നടപ്പാക്കുന്നതിന് കൈക്കൊണ്ടുവരുന്ന നടപടികൾ

21 (3230) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാറ്റ് നടപ്പാക്കുന്നതിന്റെ ഭാഗമായി വ്യാപാരികളുടെ ആശങ്കകളും തെറ്റിദ്ധാരണകളും മാറ്റാനും പ്രസ്തുത മേഖലയിൽ ഒരു പ്രക്ഷോഭം ഒഴിവാക്കാനും നടപടി സ്വീകരിക്കുമോ ;

(ബി) പുതിയ നികുതി സമ്പ്രദായവുമായി ബന്ധപ്പെട്ട് വ്യാപാരികളുമായി ഇതുവരെ നടന്നിട്ടുള്ള ചർച്ചകളുടെ വിശദാംശം വെളിപ്പെടുത്തുമോ ; ഇതുമായി ബന്ധപ്പെട്ട് വ്യാപാരികൾ എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ ;

(സി) അടുത്ത സാമ്പത്തിക വർഷം മുതൽ വാറ്റ് നടപ്പാക്കുന്നതിന് കൈക്കൊണ്ടുവരുന്ന നടപടികൾ സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വ്യാപാരികളുടെ ആശങ്കകളും തെറ്റിദ്ധാരണകളും മാറ്റാനായി നിരന്തരം ബോധവൽക്കരണം നടത്തുന്നുണ്ട്. കൂടാതെ ചർച്ചയിൽ ഉരുത്തിരിയുന്ന പ്രായോഗികമായ നിർദ്ദേശങ്ങൾ നിയമഭേദഗതിയിലൂടെ നടപ്പിലാക്കി വരുന്നു.

(ബി) പുതിയ നികുതി സമ്പ്രദായവുമായി ബന്ധപ്പെട്ട് വ്യാപാരികളുടെ സംഘടനകൾ ഉന്നയിച്ച വിവിധ ആവശ്യങ്ങൾ അവരുമായി നടന്ന ചർച്ചകളിൽ പരിശോധിക്കുകയും സ്വീകാര്യമായവ ഔദ്യോഗിക ഭേദഗതിയിലൂടെയും സഭയിൽ പ്രഖ്യാപിച്ചും നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) അടുത്ത സാമ്പത്തികവർഷം മുതൽ വാറ്റ് നടപ്പിലാക്കുന്നതിന് വേണ്ടി വാറ്റ് നിയമം വേണ്ട ഭേദഗതികളോടെ തയ്യാറാക്കി കഴിഞ്ഞു. ചട്ടങ്ങൾ കച്ചവടക്കാരും വ്യവസായികളുമായി നിരന്തരം ആശയവിനിമയം ചെയ്തതിനു ശേഷം തയ്യാറാക്കി വരുന്നു.

വാറ്റ് നടപ്പാക്കുന്നതിന് നടപടി

22 (3231) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാറ്റ് നടപ്പാക്കുന്നത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) വാറ്റ് നടപ്പിലാക്കുന്നതുമൂലം സംസ്ഥാനത്തിന്റെ നികുതി വരുമാനം എത്ര ശതമാനം വർദ്ധിക്കുമെന്നാണ് കരുതുന്നത് ;

(സി) വാറ്റ് നടപ്പിലാക്കുന്നതുമൂലം സംസ്ഥാനത്തെ ഇപ്പോഴത്തെ നികുതി സമ്പ്രദായത്തിൽ എന്തെങ്കിലും മാറ്റം വരുത്താനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?